## യഹൂദമശിഹായുടെ വംശവലി

പഴയ നിയമത്തിൽ കൂടുതൽ തവണ പരാമർശിച്ചിരിക്കുന്ന പേരുകളിലൊന്ന് ദാവീദിന്റേതാണ്. ദാവീദിൽ തുടങ്ങിയ യഹൂദ രാജവംശത്തിന്റെ പുരാവൃത്തം തികച്ചും കൗതുകകരം തന്നെയാണ്.

2 ശമുവേൽ പതിനൊന്നാം അദ്ധ്യായം നോക്കുക: ഊരിയാവിന്റെ ഭാര്യയെ ദാവീദ് തട്ടി എടുക്കുന്ന വിവരണം കാണാം. സ്വന്തം മരണത്തിന്റെ സന്ദേശവുമായി യുദ്ധമുന്നണിയിലേക്കു പോകുന്ന ഊരിയാവിനെ സങ്കല്പിക്കുക. സുന്ദരിയായ ഭാര്യയെ മാത്രമല്ല ജീവനും നഷ്ടപ്പെട്ട ഊരിയാവ് ആധുനികമനുഷ്യന്റെ പ്രതീകമാണ്. ചതി, കൊലപാതകം, ബലാൽസംഗം, വ്യഭിചാരം എന്നിങ്ങനെ ഒന്നിലധികം കുറ്റകൃത്യങ്ങൾ ചെയ്ത ദാവീദ് വധശിക്ഷയ്ക്ക് അർഹനാണ്. ബേത്ത്-ശേബയിൽ ജനിച്ച ആദ്യകുട്ടിയെ യഹോവ കൊല്ലുന്നു. (ദാവീദിനു പകരം പുത്രനെ കൊല്ലുന്നു). ബേത്ത്-ശേബയിൽ ജനിച്ച രണ്ടാമത്തെ പുത്രനാണ് ശലോമോൻ. യഹൂദമശിഹായുടെ വംശാവലിയുടെ തുടർച്ച ശലോമോനിലൂടെയാണ്. ദാവീദിന്റെ ചരിത്രം അറിയാവുന്ന യഹൂദർ മശിഹായെ ഉപേക്ഷിച്ചതിൽ അത്ഭുതമില്ല.

## മോവാബ്യരും അമ്മോന്യരും

ഉൽപ്പത്തി പത്തൊൻപതാം അദ്ധ്യായം നോക്കുക: സോദോമിന്റെ നാശം. വീഞ്ഞ് കുടിച്ച് മത്തനായ ലോത്ത്, മത്തനായ ലോത്തിൽനിന്നു ഗർഭം ധരിക്കുന്ന പുത്രിമാർ. മൂത്തവൾ പ്രസവിച്ച മകൻ മോവാബ്യർക്കു പിതാവ്, ഇളയവൾ പ്രസവിച്ച മകൻ അമ്മോന്യർക്കു പിതാവ്. അമ്മോന്യരോടും മോവാബ്യരോടും നിരന്തരം യുദ്ധം നടത്തിയിരുന്ന യിസ്രയേല്യർ അവരെ അപമാനിക്കുവാൻ ഉണ്ടാക്കിയ കഥയാണിതെന്ന് ആശ്വസിക്കാം. മോവാബ് എന്നാൽ പിതാവിൽനിന്ന് ഉള്ളവൻ എന്നും അമ്മോന്യർ (ബെൻ-അമ്മി) എന്നാൽ എന്റെ ബന്ധുവിൽനിന്നുള്ള പുത്രൻ എന്നും അർത്ഥം.

മശിഹായുടെ വംശാവലിയും മോവാബ്യരും തമ്മിലുള്ള ബന്ധം നോക്കാം. മോവാബ്യരെ ഞെരുക്കരുത് (ആവർത്തനപുസ്തകം 2:9). ഇത് യഹോവ മോശയോട് കല്പിച്ചതാകുന്നു. എന്നാൽ യിരെമ്യാവ് പറയുന്നു: 'നാം അതിനെ നശിപ്പിച്ചു കളക' (48:1–2). ദൈവത്തിന്റെ പേരിൽ പ്രവാചകർ കള്ള പ്രചരണം നടത്തുന്നു(?). യിരെമ്യാവിന്റെ കാലത്ത് യിസ്രയേല്യർ യഹോവയുടെ കൽപ്പന ധിക്കരിച്ച് മോവാബ്യരുമായി യുദ്ധം നടത്തിയിരുന്നതിനാൽ ദൈവപ്രേരിതമായ പ്രവചനത്തേക്കാൾ രാഷ്ട്രീയപ്രചരണം ആണിതെന്നു കണക്കാക്കാം. സ്വന്തം താല്പര്യങ്ങളെ ന്യായീകരിക്കാൻ കള്ളപ്രചാരണങ്ങൾ നടത്തിയ പ്രവാചകർ തന്നെയാണ് മശിഹായുടെ പ്രവചനവും നടത്തിയത്. യിരെമ്യാവിന്റെ പ്രവചനം രാഷ്ട്രീയപകപോക്കൽ

ആണെന്ന് 48, 49 അദ്ധ്യായങ്ങൾ വായിക്കുമ്പോൾ മനസ്സിലാകും.

**രൂത്ത്**

മശിഹായുടെ വംശാവലിയിൽ പേരെടുത്തു പറഞ്ഞിരിക്കുന്ന സ്ത്രീയാണ് രൂത്ത് (മത്തായി 1:5). ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു. ദാവീദിന്റെ പിതാവായ യിശ്ശായിയുടെ പിതാവാണ് ഓബേദ്. ഓബേദിന്റെ മാതാവ് രൂത്ത് 'മോവാബ്യ'സ്ത്രീയാണ്. മത്തായിയുടെ വംശാവലിയിൽ പറയുന്ന രൂത്ത് ആരെന്നു മനസ്സിലാക്കാൻ രൂത്തിന്റെ പുസ്തകം തന്നെ നോക്കുക. '... മോവാബ്യസ്ത്രീയായ രൂത്തിനെയും എനിക്കു ഭാര്യയായി വാങ്ങിയിരിക്കുന്നു' (രൂത്ത് 4:10). 'സ്ത്രീയെ (രൂത്തിനെ) യഹോവ റാഹേലിനെപ്പോലെയും ലേയയെപ്പോലെയും ആക്കട്ടെ, അവർ ഇരുവരുമല്ലോ യിസ്രയേൽ ഗൃഹം പണിതത്' (രൂത്ത് 4:11). 'ബോവസ് രൂത്തിനെ പരിഗ്രഹിച്ചു' (രൂത്ത് 4:13). 'അവൾ ഒരു മകനെ പ്രസവിച്ചു. ഓബേദ് എന്നു പേർ വിളിച്ചു. ദാവിദിന്റെ അപ്പനായ യിശ്ശായിയുടെ അപ്പൻ ഇവൻ തന്നെ' (രൂത്ത് 4:17). യിസ്രയേലിന്റെ വീണ്ടെടുപ്പുകാരനായ മശിഹായുടെ ജനനം സാദ്ധ്യമാക്കുന്നത് മോവാബ്യസ്ത്രീയായ രൂത്താണ്.

ആവർത്തനപുസ്തകം 2:9-ൽ മോവാബ്യരെ ഞെരുക്കരുത് എന്ന് മോശയോടു കൽപ്പിച്ച യഹോവ തന്നെ ആവർത്തനപുസ്തകം 23-ൽ പരസ്പര വിരുദ്ധമായ കൽപനകൾ നൽകുന്നു. 23-ന്റെ 1-8 ഭാഗത്ത് ഒരു അമ്മോന്യനോ, മോവാബ്യനോ യഹോവയുടെ സഭയിൽ പ്രവേശിക്കരുത്. കൌലയോടൻ യഹോവയുടെ സഭയിൽ പ്രവേശിക്കരുത്; അവന്റെ പിൻഗാമികൾ പത്ത് തലമുറ വരെ ഒരുനാളും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് എന്നനുശാസിക്കുന്നു. കൌലയോടൻ എന്നാൽ നിയമപരമായ വിവാഹബന്ധമില്ലാതെ ജനിച്ചവൻ - ജാരസന്തതി. മോവാബ്യരും പ്രവേശിക്കരുത് എന്നു പ്രത്യേകം പറയുന്നുണ്ട്. മോവാബ്യസ്ത്രീയായ രൂത്തിൽനിന്നും ജനിച്ച ഓബേദിൽനിന്നു പുറപ്പെട്ട അനന്തര തലമുറയും യഹോവയുടെ സഭയിൽ പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

അവന് ഓബേദ് എന്നു പേർ വിളിച്ചു. ദാവീദിന്റെ പിതാവായ യിശ്ശായിയുടെ പിതാവ് ഇവൻ തന്നെ (മത്തായി 1:5). ബോവസ് രൂത്തിൽ ഓബേദിനെ ജനിപ്പിച്ചു. ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു, യിശ്ശായി ദാവീദിനെ ജനിപ്പിച്ചു. യിരെമ്യാവ് (അദ്ധ്യായം 48:1-2) പറയുംപ്രകാരം യഹോവയാൽ ശപിക്കപ്പെട്ട ജാതിയായ മോവാബ്യരിൽനിന്നാണ് രൂത്തിൽനിന്നു ജനിച്ച മശിഹായുടെ പിതാമഹന്റെ ജനനം.

ലോത്തിന്റെ പുത്രി ലോത്തുമായി അവിഹിതബന്ധം പുലർത്തിയതിന്റെ ഫലമായാണ് മോവാബ്യരുടെ പിതാവ് ജനിച്ചത്. അതായത് കൌലേയോടൻ എന്നു സാരം. മോവാബ്യരെ വെറുത്ത യിസ്രായേലിന്റെ പ്രവാചകരും

എഴുത്തുകാരും കൂടി ഉണ്ടാക്കിയ കള്ളക്കഥ ആണ് ലോത്തിന്റെയും പുത്രിമാരുടെയും സംഭോഗകഥ എന്നാണ് യഹൂദപണ്ഡിതരുടെ അഭിപ്രായം.

രൂത്ത് 4:18–22–ൽ ഫേരെസിന്റെ ചരിത്രം കൊടുത്തിരിക്കുന്നു. ഫേരെസ് ആരെന്നു നോക്കാം: 'യാക്കോബോ യഹൂദയേയും യഹൂദ താമാരിൽ ഫേരെസിനേയും... ജനിപ്പിച്ചു' (മത്തായി 4:2–3). യാക്കോബിൽനിന്ന് ഉത്ഭവിച്ച പന്ത്രണ്ട് ഗോത്രപിതാക്കന്മാരിൽ യഹൂദയുടെ വംശാവലിയിലാണ് മശിഹാ ഉൾപ്പെടുന്നത്. അബ്രഹാമിനും യിസഹാക്കിനും യാക്കോബിനും ഗോത്രപിതാക്കന്മാർക്കും ദാവീദിനും ശലോമോനും ഭാര്യമാരും വെപ്പാട്ടിമാരും ഉണ്ടായിരുന്നു. അവരിലെല്ലാം അനേകം സന്താനങ്ങളും ഉണ്ടായിരുന്നു. ഈ അസംഖ്യം സന്തതികളെയൊന്നും പക്ഷേ, മശിഹായുടെ വംശാവലിയിൽ പരാമർശിക്കുന്നില്ല. യഹൂദയുടെ ചരിത്രവും തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ചരിത്രവും എഴുതിയപ്പോൾ ലോത്തിൽനിന്നു ജനിച്ചവരും അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദാവീദിന്റെയും ശലോമോന്റെയും അനേകം സന്തതികളും പുറംതള്ളപ്പെട്ടു. അബ്രഹാമിന്റെയും യിസഹാക്കിന്റെയും വെപ്പാട്ടികളിൽ ജനിച്ച മറ്റു മക്കളെയും മശിഹായുടെ വംശാവലിയിൽ ഉൾപ്പെടുത്തുവാൻ യോഗ്യരല്ലാതെ പുറംതള്ളി.

യഹൂദയക്ക് താമാരിൽ ജനിച്ച ഫേരെസിന്റെയും താമാരിന്റെയും കഥ എന്തെന്നു നോക്കാം, താമാരിൽനിന്നു ജനിച്ച ഫേരെസ് ആരെന്നും. ഉൽപ്പത്തി മുപ്പത്തിയെട്ടാം അദ്ധ്യായത്തിൽ യഹൂദയുടെ ആദ്യജാതനായ ഏർ മക്കളില്ലാതെ മരിക്കുന്നു. ഏരിന് യഹൂദ തിരഞ്ഞെടുത്ത സ്ത്രീയാണ് താമാർ. യഹൂദ അവളെ കണ്ടപ്പോൾ വേശ്യ എന്നു നിരൂപിച്ചു. അവൻ അവളുടെ അടുക്കൽ ചെന്നു, അവൾ ഗർഭം ധരിക്കുകയും ചെയ്തു. യഹൂദയിൽനിന്നും മരുമകൾ താമാർ ഗർഭം ധരിക്കുന്നു. അവൾ ഇരട്ടക്കുട്ടികളെ പ്രസവിക്കുന്നു.

പ്രസവസമയത്ത് ഒരു കുട്ടി കൈ പുറത്തേക്കിട്ടു. സുതികർമ്മിണി ആ കൈയിൽ ഒരു ചരട് കെട്ടി. പക്ഷെ ആ കുട്ടി കൈ അകത്തേക്കു വലിച്ചു. എന്നാൽ മറ്റേ കുട്ടിയാണ് ആദ്യം ജനിച്ചത്. അവന് ഫേരെസ് എന്നു പേരിട്ടു. ഭിന്നിപ്പുണ്ടാക്കുന്നവൻ എന്നാണ് ആ വാക്കിന്റെ അർത്ഥം. ഫേരെസിന്റെ അമ്മ യിസ്രയേൽ ഗോത്രത്തിൽപ്പെട്ടവൾ അല്ല.

ബേത്ത്–ശേബയാണ് മത്തായിയുടെ വംശാവലിയിൽ പേര് പ്രത്യേകം പറയുന്ന മൂന്നാമത്തെ സ്ത്രീ. ഊരിയാവിന്റെ ഭാര്യയായിരുന്ന ബേത്ത്–ശേബയിൽ ദാവിദ് ശലോമോനെ ജനിപ്പിച്ചു (മത്തായി 1:6). 2 ശമുവേൽ പതിനൊന്നാം അദ്ധ്യായം നോക്കുക: ബേത്ത്–ശേബയുടെ നഗ്നത കണ്ടു ഭ്രമിച്ച ദാവീദ് ചതി, കൊലപാതകം, വ്യഭിചാരം, ബലാൽസംഗം എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങളിലൂടെ ശലോമോന്റെ അമ്മയെ സ്വന്തമാക്കുന്നു.

ശലോമോനിലൂടെ മശിഹായുടെ വംശാവലി തുടരുന്നു. ദാവിദിന്റെ കുറ്റകൃത്യങ്ങളുടെ ശിക്ഷയായി ബേത്ത്-ശേബയിൽ ജനിച്ച ആദ്യജാതനെ യഹോവ കൊല്ലുന്നു, രണ്ടാമനെ തിരഞ്ഞെടുക്കുന്നു.

മശിഹായുടെ വംശാവലിയിൽ ആദ്യജാതന്റെ ചരിത്രം നോക്കാം. ദൈവം തിരഞ്ഞെടുത്ത പ്രത്യേകജാതി എന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ എഴുതിയ തിരുവെഴുത്തുകൾ ആണ് പഴയ നിയമം എന്നറിയപ്പെടുന്ന പുസ്തകങ്ങൾ. ഈ പുസ്തകങ്ങളിലെല്ലാം ആദ്യജാതന്മാരെ പല സംഭവങ്ങളിലൂടെ പുറംതള്ളുന്നതായി കാണാം.

ആദിമസൃഷ്ടിയായ ആദമിനേയും ഹൗവ്വയേയും പിന്നീട് പുറംതള്ളുന്നുണ്ട്. ഉൽപ്പത്തി ഒന്നാം അദ്ധ്യായത്തിലെ സൃഷ്ടാവ് രണ്ടാം അദ്ധ്യായത്തിലെ സൃഷ്ടാവിൽനിന്നും വ്യത്യസ്തമാണ്, സൃഷ്ടി നടത്തുന്ന രീതിയും വ്യത്യസ്തമാണ്. രണ്ടാം അദ്ധ്യായത്തിലെ ദൈവം തന്റെ ആദ്യസൃഷ്ടികളെ പുറത്താക്കുന്നു. അബ്രഹാം തന്റെ ആദ്യജാതനായ യിസ്മായേലിനെ പുറത്താക്കുന്നു. യഹോവ അഹറോനുപകരം മോശയെ തിരഞ്ഞെടുക്കുന്നു. യിസഹാക്ക് ഏശാവിനുപകരം യാക്കോബിനെ തിരഞ്ഞെടുക്കുന്നു. യാക്കോബാകട്ടെ, മൂത്തവനായ രൂബേനുപകരം യഹൂദയെ തിരഞ്ഞെടുക്കുന്നു. ബേത്ത്-ശേബയിലുണ്ടായ രണ്ടാമനെ മശിഹായുടെ വംശാവലി തുടരുവാൻ തിരഞ്ഞെടുക്കുന്നു. പഴയ നിയമം ചരിത്രമല്ല, സാഹിത്യരചനയാണ് എന്ന് യഹൂദപണ്ഡിതർ സമ്മതിക്കുന്നുണ്ട്. ചരിത്രത്തിലെ വസ്തുനിഷ്ഠത സാഹിത്യരചനയ്ക്ക് അവകാശപ്പെടാനാകില്ലെങ്കിലും യഹൂദമശിഹ ആദ്യജാതൻ ആയിരിക്കണം എന്ന് യഹൂദസാഹിത്യത്തിലോ തിരുവെഴുത്തിലോ പറയുന്നില്ല. യഹൂദവിധിപ്രകാരം പിതൃപാരമ്പര്യം തുടരുന്നത് ആദ്യജാതനിലൂടടെയാണ്. എന്നാൽ ലൂക്കോസിന്റെയും മത്തായിയുടെയും മശിഹാവംശാവലിയിൽ മൂത്തപുത്രനിലൂടെയല്ല പിതൃപാരമ്പര്യം തുടരുന്നത്. പുതിയ നിയമത്തിലെ മശിഹാ ദൈവത്തിന്റെ ആദ്യജാതൻ എന്ന വിശേഷണത്തിൽ അറിയപ്പെടുന്നു. ഉൽപ്പത്തി 6:2-ൽ, 'ദൈവത്തിന്റെ പുത്രന്മാർ ...' എന്നു തുടങ്ങുന്ന ഭാഗം ശ്രദ്ധിക്കുക. പുതിയ നിയമത്തിലെ മശിഹാ ഉണ്ടാകുന്നതിനു മുമ്പുതന്നെ ദൈവത്തിനു പുത്രന്മാർ ഉണ്ടായിരുന്നു. അവർ മനുഷ്യസ്ത്രീകളെ ഭാര്യമാരായി എടുത്തു. ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെല്ലുകയും അവർക്കു സന്തതികളുണ്ടാകുകയും ചെയ്തു. '... ഇവർ പുരാതനകാലത്തെ വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ' (ഉൽപ്പത്തി 6:4). ദൈവത്തിന്റ പുത്രന്മാർ മനുഷ്യസ്ത്രീകളെ പരിഗ്രഹിച്ചപ്പോൾ ജനിച്ച സന്തതികൾ കീർത്തിപ്പെട്ടവർ മാത്രമേ ആയുള്ളു (?). ഈ കീർത്തിപ്പെട്ട പുരുഷന്മാരുടെ വംശാവലിയിൽ മശിഹാ ഉണ്ടായില്ല! യഹൂദമശിഹാ ദൈവത്തിന്റെ പുത്രനല്ല, ആദ്യജാതനുമല്ല.

മത്തായിയുടെയും ലൂക്കോസിന്റെയും മശിഹാവംശാവലിയിലെ മറ്റു പ്രത്യേകതകൾ നോക്കുക.:

കനാന്റെ പിതാവായ ഹാം തന്റെ പിതാവിന്റെ നഗ്നത കണ്ടു (ഉൽപ്പത്തി 9:22). അവൻ (കനാൻ) ശപിക്കപ്പെട്ടവൻ. ശപിക്കപ്പെട്ടവരായ കനാന്യരിൽനിന്നും വിവാഹം പാടില്ല എന്നു യഹോവ യിസ്രയേലിനെ വിലക്കുന്നു. മാത്രമല്ല പന്ത്രണ്ട് യിസ്രായേൽ ഗോത്രങ്ങളിൽനിന്നു മാത്രമേ വിവാഹബന്ധം പാടുള്ളു എന്നനുശാസിക്കുന്നുമുണ്ട്. പിന്നീട് ബന്യാമിന്യരെ പൂർണ്ണമായും ഒഴിവാക്കുന്നു. കാരണം ശൗൽ ബന്യാമിൻ ഗോത്രക്കാരനായിരുന്നു. 'ശക്തിരാഷ്ട്രീയം' ആണ് തിരുവെഴുത്തുകളെ നയിച്ചിരുന്നത് എന്നതു സത്യം. തിരുവെഴുത്തും പ്രവചനവും രാഷ്ട്രീയപ്രചരണത്തിന് ഉപയോഗിച്ചിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ദാവീദിന്റെ വംശാവലിയിൽ ജനിച്ച പുതിയ നിയമ മശിഹായുടെ നിയമസാധുതയാണ് ഇവിടെ പ്രതിപാദിക്കുന്നത്. കനാന്യരുടെ പ്രധാനദൈവം യഹോവയുടെ എതിരാളി ആയിരുന്ന ബാൽ ആയിരുന്നു. ബാൽ വിഭാഗത്തിൽപ്പെട്ടവരെ യഹോവ വിഭാഗക്കാർ താണനിലവാരം ഉള്ളവരും എതിരാളികളുമായി കണക്കാക്കി. പഴയ നിയമത്തിലെ പല നിയമങ്ങളും എതിർപ്പിന്റെയും വെറുപ്പിന്റെയും ഫലമായി ഉണ്ടായതാണ്. യിസ്രയേലിന്റെ രാഷ്ട്രപിതാവായ യഹൂദ വിവാഹം കഴിക്കുന്നത് ശൂവാ എന്ന പേരുള്ള കനാന്യന്റെ മകളെയാണ് (ഉൽപ്പത്തി 38:2). ഫേരെസിന്റെ അമ്മ താമാർ കനാന്യസ്ത്രീ ആയിരുന്നു എന്നനുമാനിക്കാം. മശിഹായുടെ പിതാമഹൻ യഹൂദ, യഹോയുടെ നിയമം ലംഘിച്ചവൻ ആകുന്നു.

മോവാബ്യരുമായി വിവാഹബന്ധം പാടില്ല എന്നു പറയുന്നുണ്ടെങ്കിലും (ആവർത്തനം 23:2–3, യിരെമ്യാവ് 48:–2) ദാവീദിന്റെ പിതാമഹൻ ഓബേദ് ജനിക്കുന്നത് മോവാബ്യസ്ത്രീ രൂത്തിൽനിന്നാണ്. വിലക്കപ്പെട്ട ബന്ധത്തിൽനിന്ന് ജനിച്ചവൻ ആകയാൽ ഓബേദ് യഹോവയുടെ സഭയിൽ പ്രവേശിക്കാൻ അർഹനല്ല. ഓബേദിൽനിന്നു പുറപ്പെടുന്ന മശിഹായും യഹോയുടെ സഭയിൽ പ്രവേശിക്കാൻ അർഹനല്ല.

മോവാബ് വംശത്തിന്റെ രാഷ്ട്രപിതാവായ മോവാബ് ജനിക്കുന്നത് വിലക്കപ്പെട്ട ബന്ധത്തിലൂടെയാണ്. മോവാബിന്റെ അമ്മ തന്റെ പിതാവുമായി നടത്തുന്ന അവിഹിതവേഴ്ചയിലൂടെയാണ് മോവാബ് ജനിക്കുന്നത്. പിതാവിന്റെ നഗ്നത അനാവരണം ചെയ്യുന്നതും പുത്രിയുടെ നഗ്നത അനാവരണം ചെയ്യുന്നതും യഹോവ വിലക്കിയിരിക്കുന്നു. ലോത്ത് ഒരേ സമയത്ത് തന്നെ പുത്രന്റെ പിതാവും പിതാമഹനും ആകുന്നു. യഹൂദയും അതുപോലെ തന്റെ പുത്രന്റെ പിതാവും പിതാമഹനും ആകുന്നു. വേശ്യാവൃത്തിയിലൂടെയാണ് യഹൂദമശിഹായുടെ വംശാവലി തുടരുന്നത് എന്നു

സാരം. ലോത്തിൽനിന്ന് മൂത്തമകൾ ഗർഭം ധരിച്ചില്ലായിരുന്നുവെങ്കിൽ മോവാബ്യർ ഉണ്ടാകുകയില്ലായിരുന്നു, രൂത്തിൽനിന്ന് ഓബേദ് ജനിക്കില്ലായിരുന്നു. മശിഹായുടെ വംശാവലി അവിടെ അവസാനിക്കുമായിരുന്നു. യഹൂദയുടെ മരുമകൾ താമാർ പ്രതിഫലം വാങ്ങി ഏറ്റവും പുരാതന തൊഴിൽ ആയ വേശ്യാവൃത്തി നടത്തിയില്ലായിരുന്നുവെങ്കിൽ ഫേരസ് ജനിക്കുകയില്ലായിരുന്നു, ഫേരസ് ബോവസിന്റെ പിതാമഹൻ ആകുകയില്ലായിരുന്നു. ഓബേദ് യിശ്ശായിയെ ജനിപ്പിക്കുകയില്ലായിരുന്നു, യിശ്ശായിയുടെ വംശത്തിൽ മശിഹായും ജനിക്കുകയില്ലായിരുന്നു. മശിഹായുടെ ജന്മം സാദ്ധ്യമാക്കിയ താമാർ 1-നെ മശിഹായുടെ പിതാമഹി എന്നും പുതിയ നിയമത്തിലെ ദൈവപുത്രനായ മശിഹായുടെ പിതാമഹി ആയതിനാൽ ദൈവമാതാവെന്നും നാമകരണം ചെയ്യണം.

താമർ 1 – യഹൂദയുടെ മൂത്തപുത്രന്റെ ഭാര്യ. പിന്നീട് യഹൂദയുടെ പുത്രന്മാരുടെ മാതാവ്. യഹൂദയിൽനിന്നും പുറപ്പെടുന്ന മശിഹായുടെ തുടർച്ച സാദ്ധ്യമാക്കിയ ഈ സ്ത്രി യിസ്രയേൽകാരിയല്ല.

താമർ 2 – ദാവീദിന്റെ മകൾ, അബ്ശാലോമിന്റെ സഹോദരി. ദാവിദിന്റെ മൂത്തപുത്രൻ താമർ 2-നെ രോഗം നടിച്ച് ബലാൽസംഗം ചെയ്യുന്നു. ദാവീദുവംശത്തിന്റെ നാശം ഇവിടെ തുടങ്ങുന്നു.

താമർ 3 – അബ്ശാലോമിന്റെ മകൾ. പ്രിയപ്പെട്ട സഹോദരിയുടെ പേര് അബ്ശാലോം മകൾക്കു നൽകുന്നു. അബ്ശാലോമിന്റെ മരണശേഷം താമാർ 2, താമാർ 3 എന്നിവർ പഴയ നിയമത്തിൽനിന്നും അപ്രത്യക്ഷരാകുന്നു. (ശമുവേൽ പതിമൂന്നാം അദ്ധ്യായം).

'കനാൻ ദേശത്തിലെ നടപ്പുപോലെ അരുത്' (ലേവ്യർ 18:3), 'അപ്പന്റെ നഗ്നത അനാവൃതമാക്കരുത്, നിന്റെ മരുമകളുടെ നഗ്നത അനാവൃതമാക്കരുത്" (ലേവ്യർ 18:6-7). 'മോവാബ്യർ അമ്മോന്യർ, എദോമ്യർ, സിദോന്യർ, ഹിത്യർ... തുടങ്ങിയവരിൽനിന്ന് ശലോമോന് എഴുനൂറ് കുലീനഭാര്യമാരും മുന്നൂറ് വെപ്പാട്ടികളുമുണ്ടായിരുന്നു' (1 രാജക്കന്മാർ 11:1—3). ഇവരിൽ നിന്നെല്ലാം അനേകം സന്താനങ്ങളുമുണ്ടായി ശലോമോന്. ശലോമോന്റെ രാജപിൻതുടർച്ചയും രെഹബെയാമിലൂടെ തുടരുന്നു (1 രാജക്കന്മാർ 14:21). അമ്മോന്യസ്ത്രീയായ അവന്റെ അമ്മക്കു നയമാ എന്നു പേർ, അമ്മോന്യരുമായി ബന്ധം പുലർത്താൻ പാടില്ല എന്ന കൽപ്പന ലംഘിച്ചതിന്റെ ഫലമാണ് ശലോമോനു നയമാ എന്ന അമ്മോന്യസ്ത്രീയിൽ ഉണ്ടായ രെഹബെയാം.

രെഹബെയാമിന്റെ പിതാവ് ശലോമോൻ ഊരിയാവിന്റെ ഭാര്യയിൽ ദാവീദിനുണ്ടാകുന്ന രണ്ടാമത്തെ പുത്രനാണ്. ഊരിയാവിന്റെ ഭാര്യയെ ദാവിദ് എങ്ങനെ സ്വന്തമാക്കി എന്ന് 2 ശമുവേൽ പതിനൊന്നാം അദ്ധ്യായം

വിവരിക്കുന്നു.

തുടരെത്തുടരെയുള്ള അവിഹിതബന്ധങ്ങളിൽക്കൂടി വംശാവലി തുടർന്നു. മശിഹായെ ബാബിലോണിയൻ പ്രവാസകാലത്തുതന്നെ യഹൂദർ ഉപേക്ഷിച്ചിരുന്നു. യെശയ്യാവിന്റെ പുസ്തകം നാൽപ്പതാം അദ്ധ്യായം മുതൽ വിവരിച്ചിരിക്കുന്ന മശിഹാ യഹൂദമശിഹാ അല്ല. എങ്കിലും ബാബിലോണിയൻ അടിമത്തത്തിൽനിന്നും യഹൂദരെ മോചിതനാക്കിയ സൈറസ്സ് യഹൂദരുടെ രക്ഷകൻ തന്നെയായിരുന്നു. യിസ്രയേലിലേക്കു തിരികെ വരുവാനും ദേവാലയം പുനർനിർമ്മിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവസരവും ലഭിച്ചിട്ടും വളരെ ചുരുക്കം യഹൂദർ മാത്രമേ യിസ്രയേലിലേക്കു തിരികെ എത്തിയിട്ടുള്ളു. പലരും പലഭാഗങ്ങളിലേക്കും ചിതറിപ്പോയി. യഹൂദന്റെ മശിഹാസ്വപ്നവും അതോടെ അസ്തമിച്ചു. നല്ലൊരു ശതമാനം യഹൂദരും ഏകമാനയഹൂദരാജ്യം എന്ന ആശയം ഉപേക്ഷിക്കുകയും ചെയ്തു. തിരികെ വന്ന യഹൂദർ നിർമ്മിച്ച ദേവാലയം ശലോമോന്റെ ദേവാലയത്തിന്റെ പകുതിപോലും പ്രൗഢി ഉള്ളതായിരുന്നില്ല.